താഴെയുള്ള സ്ത്രീകൾക്ക് ആദ്യത്തെ രണ്ട് പ്രസവങ്ങൾക്ക് (ജീവനുള്ള കുഞ്ഞുങ്ങളെ പ്രസവിക്കുമ്പോൾ) 700 രൂപവീതം ധനസഹായം നൽകുന്നതാണ്. ആശുപത്രിയിലുള്ള പ്രസവം പ്രോൽസാഹിപ്പിക്കുക, പോഷകാഹാരക്കുറവ് പരിഹരിക്കുക, ആശുപത്രിയിലേക്കുള്ള യാത്രയ്ക്കായി ഉപയോഗിക്കുക തുടങ്ങിയ ഉദ്ദേശ്യത്തോടെയാണ് ഈ തുക നൽകുന്നത്. കൂടാതെ, സർക്കാർ ആശുപത്രികളിൽ സ്പെഷ്യലിസ്റ്റുകളുടെ അഭാവത്തിൽ സിസേറിയനുവേണ്ടി സ്പെഷ്യലിസ്റ്റുകളുടെ സേവനം ലഭ്യമാക്കാൻ 1500 രൂപവരെ പെരുവഴിക്കാരുന്നതാണ്. ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിന്റെ കൈയിൽ കുറഞ്ഞത് 1500 രൂപ ക്യാഷ് അഡ്വാൻസ് ഉണ്ടായിരിക്കണം. ഗവൺമെന്റ് സ്പെഷ്യലിസ്റ്റ് (ഗൈനക്കോളജിസ്റ്റ്/അനസ്തറ്റിസ്റ്റ്) ഇല്ലാത്ത സ്ഥലത്ത് 1500 രൂപവരെ മുടക്കി സ്വകാര്യ വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കാവുന്നതാണ്. ബ്ലോക്കിലെ ഗവൺമെന്റ് ആശുപത്രികളിൽ പ്രസവശുശ്രൂഷയ്ക്ക് സൗകര്യമില്ലാത്ത സാഹചര്യത്തിൽ അംഗീകരിക്കപ്പെട്ട രണ്ട് സ്വകാര്യ ആശുപത്രികളിൽ നടക്കുന്ന പ്രസവങ്ങൾക്ക് ഈ ആനുകൂല്യം ബാധകമാണ്.

(ബി) 3 കോടി രൂപയ്ക്കുള്ള പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. തുക ലഭ്യമായിട്ടില്ല.

(സി) & (ഡി) പ്രാഥമികാരോഗ്യകേന്ദ്രങ്ങളുടെ വികസന പ്രവർത്തനങ്ങൾ ഈ പദ്ധതിയുടെ പരിധിയിൽ വരുന്നില്ല. അതുപോലെതന്നെ പ്രസവമുറികൾ സ്ഥാപിക്കുന്നതും ഗൈനക്കോളജിസ്റ്റുകളുടെ നിയമനവും ഈ പദ്ധതിയിൻകീഴിൽ വരുന്നവയല്ല.

(ഇ) ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാർവഴിയും വാർത്താമാധ്യമങ്ങളിലൂടെയും വിപുലമായ ബോധവൽക്കരണ പരിപാടിയിലൂടെയും ഈ പദ്ധതിയെക്കുറിച്ച് ജനങ്ങൾക്ക് അറിവ് നൽകി ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്.

പി. എച്ച്. സെന്ററുകളിൽ ഐ. പി. യൂണിറ്റ്

165 [144] *ശ്രീ. എ. എ. അസീസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് ഏതെല്ലാം പി. എച്ച്. സെന്ററുകളിൽ ഐ. പി. യൂണിറ്റ് ആരംഭിച്ചു;

(ബി) ഐ. പി. യൂണിറ്റുകൾ പ്രവർത്തിച്ചിരുന്ന സമയത്ത് അന്നുണ്ടായിരുന്ന ജീവനക്കാരുടെ എണ്ണം ഇപ്പോഴുണ്ടെങ്കിൽ, അത്തരം പി.എച്ച്. സെന്ററുകളിൽ പുതിയ തസ്തിക സൃഷ്ടിക്കാതെ ഐ. പി. യൂണിറ്റ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 201 പി. എച്ച്. സി.കളിൽ ഐ.പി. യൂണിറ്റ് ആരംഭിക്കാൻ അനുമതി നൽകി. ഇവയിൽ 84 എണ്ണത്തിൽ ഐ.പി. യൂണിറ്റ് ആരംഭിച്ചുകഴിഞ്ഞു. (ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്) †

(ബി) പരിശോധിക്കുന്നതാണ്.

ഒഴിഞ്ഞുകിടക്കുന്ന ആശുപത്രി കെട്ടിടങ്ങൾ

166 [145] *ശ്രീ. ബിനോയ് വിശ്വം:*

,, *എം. കുമാരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ ആശുപത്രികളിൽ ഉപയോഗിക്കാൻ കഴിയാതെ കെട്ടിടങ്ങൾ ഒഴിഞ്ഞുകിടപ്പുണ്ടോ; ഉണ്ടെങ്കിൽ എത്രയെണ്ണം;

(ബി) ഈ കെട്ടിടങ്ങൾ പ്രവർത്തനയോഗ്യമാക്കി മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള പദ്ധതികൾ വ്യക്തമാക്കുമോ;

(സി) ഇതിൽ ജീവനക്കാരുടെ കുറവുകാരണം അടച്ചിട്ടിരിക്കുന്ന കെട്ടിടങ്ങൾ എത്രയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 221 വിവിധ സർക്കാർ ആശുപത്രികളിൽ കെട്ടിടങ്ങൾ ഒഴിഞ്ഞുകിടപ്പുണ്ട്.

(ബി) ഉദ്ദേശിക്കുന്നുണ്ട്. 15-7-2004-ലെ സർക്കാർ ഉത്തരവുപ്രകാരം, ഒഴിഞ്ഞുകിടക്കുന്ന കെട്ടിടങ്ങൾ പ്രവർത്തനയോഗ്യമാക്കുന്നതിനായി 201 വിവിധ ആശുപത്രികളിലായി 1200 തസ്തിക സൃഷ്ടിച്ച് നിയമനം നടത്തിവരുന്നു. കൂടാതെ, വിവിധ ആശുപത്രികളിലായി ഒഴിഞ്ഞുകിടക്കുന്ന കെട്ടിടങ്ങൾ പ്രവർത്തനസജ്ജമാക്കുന്നതിനായി 1770 അധിക തസ്തികകൾകൂടി സൃഷ്ടിക്കുന്നതിനുവേണ്ടി ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ച നിർദ്ദേശം പരിശോധിച്ച് അതാതു പഞ്ചായത്ത് ഭരണ സമാപനങ്ങളുമായി ചേർന്ന് അടിസ്ഥാന സൗകര്യ വികസനത്തിനും സേവന സൗകര്യങ്ങൾ 'സ്റ്റാന്റർഡൈസ്' (ഏകീകരണം) ചെയ്യുന്നതിനുമായുള്ള മാനദണ്ഡങ്ങളും നിബന്ധനകളും നിശ്ചയിച്ച് ഘട്ടംഘട്ടമായി ഓരോ സ്ഥാപനങ്ങൾക്കും തസ്തിക സൃഷ്ടിക്കുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(സി) 178 കെട്ടിടങ്ങൾ ജീവനക്കാരുടെ കുറവുകാരണം അടച്ചിട്ടിരിക്കുകയാണ്.

വള്ളിക്കാവ് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ വികസനം

167 [149] *ശ്രീ. എ. എൻ. രാജൻ ബാബു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കാവ് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ വികസനത്തിനുവേണ്ടി സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശം വെളിപ്പെടുത്തുമോ;

† അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly